(ബി) നമ്മുടെ സ്റ്റേറ്റിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര നൂൽ മൊത്ത വ്യാപാരികൾ ഉണ്ട്;

(സി) ഓരോ ഡിസ്ട്രിക്ടിലും ഒരുമാസത്തിൽ ശരാശരി എന്തുമാത്രം നൂൽ വിതരണം ചെയ്യപ്പെടുന്നുണ്ട്?

വിദ്യാഭ്യാസവും തൊഴിലും ക്ഷേമവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) നൂൽ മൊത്തവ്യാപാരികളെ തിരഞ്ഞെടുക്കുന്നത്, ധനസ്ഥിതി, വ്യാപാരത്തിലുള്ള മുൻ പരിചയം, സ്വഭാവം തുടങ്ങിയ അടിസ്ഥാനത്തിന്മേലാണ്.

(ബി) തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് — ഉ
കോട്ടയം ,, — ഇല്ല
കൊല്ലം ,, — ഏ
തിരുവനന്തപുരം ,, — ന

(സി) വിതരണം ചെയ്യുന്ന നൂലിന്റെ തുക അതാതു് മാസത്തിൽ കിട്ടുന്ന കോട്ടാ അനുസരിച്ചിരിക്കും. ഉദാഹരണമായി ഏപ്രിൽ ൩൦ ഡിസംബർമാസത്തിൽ താഴെപറയുന്ന വിധത്തിൽ നൂൽ വിതരണം ചെയ്തു.

തൃശ്ശിവപേരൂർ ഡിസ്ട്രിക്ട്	ഏ ന ഉ	ബെയിൽസ്
കോട്ടയം	൪ ൨	,,
കൊല്ലം	ഏ ന ന	,,
തിരുവനന്തപുരം	൨ ൦ ഏ	,,
ആകെ	ഏ ഏ ൭ ൭	ബെയിൽസ്

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലത്തു നൂൽ വിതരണത്തിനു് ഒരു മൊത്തവ്യാപാരിയെമാത്രം നിയമിക്കാനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നാട്ടിലെ നൂൽ വിതരണത്തിന്റെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

കയർസർവെ റിപ്പോർട്ട്

* ഏ൨. ഏ ൪. (൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) റിസർച്ചു ഡിപ്പാർട്ട്മെന്റു മുഖേന നടത്തിയ കയർസർവെയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണമെന്താണു്;

(ബി) ആ വകയ്ക്കു ഗവൺമെന്റിനു് എന്തു തുക ചെലവായിട്ടുണ്ടു്;

(സി) കയർസർവെ നടത്തിയവരെ പിരിച്ചുവിട്ടതിനുശേഷം അവർക്കു മുൻഗണന നൽകി വീണ്ടും ജോലികൊടുക്കാത്തതെന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും തൊഴിലും ക്ഷേമവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) കയർ സർവ്വെ മുഖാന്തിരം ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം പൂർത്തിയാകാത്തതുകൊണ്ടാണു് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തതു്.

(ബി) ൭ ഏ,൩൨ ഉറുപ. ഏ ൫ അണ. ൩ പൈ.

(സി) ഈ കാര്യം ആലോചനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : അപഗ്രഥനം പൂർത്തിയാകാത്തതിന്റെ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള : കാരണം പൂർത്തിയാകാത്തതുതന്നെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കയർ സൊസൈറ്റി നടത്തുന്നതിനായി കുറെ ആളുകളെ നിയമിക്കുകയും അതു കഴിഞ്ഞു് അവരെ് പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവരെ പിരിച്ചുവിട്ടിട്ട് എത്രകാലമായെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഏകദേശം ഒരുകൊല്ലത്തോളമായി.

ശ്രീ. കളത്തിൽ വേലായുധൻനായർ: കയർ സൊസൈക്കാരിൽനിന്നും റീപ്ലോട്ട് കിട്ടിയതെന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് അവരെ പിരിച്ചുവിടുന്നതിനു് മുൻപാണെന്നു് പറയാമെന്നല്ലാതെ നിശ്ചയമായും എതു ഡേറ്റിലാണു് കിട്ടിയതെന്നു് പറയാൻ എന്റെ കൈവശം റിക്കാർഡില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ : അപഗ്രഥനം നടത്താൻവേണ്ടി പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ : അദ്ദേഹത്തെ നിയമിച്ചതു് പബ്ലിക് സർവ്വീസു് കമ്മീഷണരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

ശ്രീ. ആർ. ശങ്കർ : അപഗ്രഥനം ചെയ്യുന്ന കാര്യത്തിൽ താമസം നേരിടുകയാണെങ്കിൽ ഒരിക്കൽ കളക്ടു് ചെയ്ത ഡാറ്റ ഉപയോഗശൂന്യമായിപ്പോകുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉപയോഗശൂന്യമായി പോകത്തക്കവണ്ണം വലിയ കാലതാമസം ഉണ്ടാക്കുകയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : അപഗ്രഥനം നടത്തുന്നതിനായിട്ടുള്ള സകല വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. എ. താണുപിള്ള : അപഗ്രഥനം നടത്തുന്നതിലേക്കുവേണ്ടി നിയമിച്ചിട്ടുള്ള സ്റ്റാഫിന്റെ എണ്ണം എത്രയാണെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ൮.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപഗ്രഥനം. എന്നാൽ ശരിയായി ഗ്രഹണം ചെയ്യുക എന്നല്ലേ അർത്ഥം?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

Sri. P. Balakrishnan Tampi : Is it an eclipse, or what is that?

ശ്രീ. ടി. കെ. നാരായണപിള്ള : ഗ്രഹണം തന്നെ.

ശ്രീ. ആർ. ശങ്കർ : സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിൽ ഉള്ളവരെക്കൊണ്ടു് ഈ അപഗ്രഥനം നടത്തിച്ചുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതിലേക്കു് വേറെ ഒരു സ്റ്റാഫ് വേണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.

Sri. P. Balakrishnan Tampi : May I know whether the 'apagrahanam' people have not been appointed so far?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം എന്ന പറയുന്നതു് എക്ലിപ്സ് എന്നുള്ള അർത്ഥത്തിലല്ലാ ഞാൻ ഇവിടെ വിവരിച്ചിട്ടുള്ളതു്. അപഗ്രഥനം എന്നുള്ളതിന്റെ ശരിയായ അർത്ഥം നിഘണ്ടുവിൽ നോക്കിയാൽ കാണാവുന്നതാണു്. അപഗ്രഥനമെന്ന പറഞ്ഞാൽ എക്ലിപ്സ് എന്നർത്ഥമില്ല.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരങ്ങൾ അവസാനിച്ചിരിക്കുന്നു.

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ബഹു. കണ്ണാറ ഗോപാലപ്പണിക്കർ മാച്ച് ചെയ്ത ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതിനായിട്ടു് അയച്ചിരുന്ന നം. ൪൦ നമ്പർ ചോദ്യങ്ങൾക്കു് ഉത്തരം അന്നു് തയ്യാറാകാത്തതുകൊണ്ടു് പറയാൻ സാധിച്ചില്ല. ഇപ്പോൾ അവയുടെ ഉത്തരം കിട്ടിയിട്ടുണ്ടു്. അവ Written Answers ന്റെ കൂട്ടത്തിൽ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഉത്തരം തയ്യാറാകാത്തതുകൊണ്ടാണു് അന്നു മറുപടി പറയാൻ സാധിക്കാതെ പോയതെന്നു് ചീഫ് മിനിസ്റ്റർ പറയുന്നതു ശരിതന്നെ. എന്നാൽ ഇന്നു് അവയ്ക്കുള്ള ഉത്തരം തയാറായി വന്നിട്ടുള്ളതുകൊണ്ടു് അവ മേശപ്പുറത്തു വയ്ക്കാതെ സഭയിൽ പ്രസ്താവിച്ചുകൂടെ?

മിസ്റ്റർ സ്പീക്കർ: അന്നന്നു ഉത്തരം തയ്യാറാകാത്ത ചോദ്യങ്ങൾക്കു് പിന്നീടു ഉത്തരം തയ്യാറായിവരുമ്പോൾ ആ ഉത്തരങ്ങൾ മേശപ്പുറത്തു് വയ്ക്കുകയാണു് പതിവു്. അതനുസരിച്ചു് മേശപ്പുറത്തു വച്ചതാണു്.

Written Answers ‡

(The numbers within brackets indicated the serial numbers in the lists of admitted questions for the respective dates to which the questions were posted.)

Starred Question posted for Answer on 23—2—1951

പോലീസു് മർദ്ദനം

*൨൨൪. (൪൩) ശ്രീ. കോന്നാത്തു കുഞ്ഞിരാമ മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൭-ലും ൧൯൪൮-ലും ഐക്യസംസ്ഥാനത്തു് പോലീസു് മർദ്ദനംമൂലം അപായം വന്ന കേസുകൾ എത്ര ഉണ്ടായിട്ടുണ്ടു്;

(ബി) ആവിധമുള്ള അപായങ്ങൾ പോലീസു് മർദ്ദനം കൊണ്ടുണ്ടായതാണെന്നു് അന്വേഷണത്തിൽ തെളിഞ്ഞ കേസുകൾ എത്ര;

(സി) തെളിയാത്ത കേസുകൾ എത്ര:

(ഡി) അത്തരം കേസുകൾ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരാണു്;

(ഇ) അപ്രകാരം തെളിഞ്ഞ കേസുകൾക്കു ഗവൺമെന്റു് എന്താണു് ശിക്ഷ നൽകിയതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൨.

(ബി) ൨.

‡The answers herein published are in respect of questions which were included in the lists for previous days of the Session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

LIBRARY ARCHIVES Kerala Legislative Assembly